REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-06-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സീഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായി കൂടിക്കാഴ്ച്ച നടത്തും**
- **പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' രാവിലെ 11 ന്.**
- **രാജ്യവ്യാപക പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം ഇന്ന്. സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മന്ത്രി K മുരളീധരൻ നിർവ്വഹിക്കും.**
- **സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്.**
- **ഫിഫാ ലോകകപ്പ് ഫുട്ബോളിൽ ഇംഗ്ലണ്ടിനും ക്രൊയേഷ്യയ്ക്കും ജയം. രാവിലെ ഏഴരയ്ക്ക് അൾജീരിയ-ഓസ്ട്രിയയെയും, ജോർദാൻ - അർജെന്റീനയെയും നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സീഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായി കൂടിക്കാഴ്ച നടത്തും. ഉഭയകക്ഷി സഹകരണത്തിന്റെ വിവിധ വശങ്ങൾ അവലോകനം ചെയ്യുന്ന ഇരു നേതാക്കളും പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ കാഴ്ചപ്പാടുകളും കൈമാറും.

സീഷെൽസ് ദേശീയ അസംബ്ലിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ഇന്ത്യൻ പ്രവാസികളുമായും മോദി സംവദിക്കും. സീഷെൽസിന്റെ ദേശീയ ദിന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പ്രധാനമന്ത്രി മുഖ്യാതിഥിയായി പങ്കെടുക്കും. ഇന്ത്യൻ രാജ്യരക്ഷാ സേനയുടെ ഒരു സംഘവും രണ്ട് ഇന്ത്യൻ

നാവികസേനാ കപ്പലുകളും സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

ഓപ്പറേഷൻ സിന്ദൂറുമായി ബന്ധപ്പെട്ട് രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ പേരിൽ സാമൂഹ്യ മാധ്യമത്തിൽ പ്രചരിക്കുന്ന വ്യാജ വാർത്തയെ രാജ്യരക്ഷാ മന്ത്രാലയം അപലപിച്ചു. ഓപ്പറേഷൻ സിന്ദൂറിൽ ഒരു ഇന്ത്യൻ ജവാനും ജീവൻ നഷ്ടപ്പെട്ടിട്ടില്ല എന്ന തരത്തിൽ കഴിഞ്ഞ വർഷം ജൂലൈ 28നു രാജ് നാഥ് സിംഗ് പാർലിമെന്റിൽ പ്രസ്താവിച്ചു എന്ന വാർത്തയാണ് സാമൂഹ്യ മാധ്യമത്തിൽ പ്രചരിച്ചത്.

നൂറോളം തീവ്രവാദികളെയും പാകിസ്താനിലെ നിരവധി തീവ്രവാദ കേന്ദ്രങ്ങളെയും ഇല്ലാതാക്കിയ ഓപ്പറേഷൻ സിന്ദൂറിനെ കുറിച്ച് രാജ്യ രക്ഷാമന്ത്രിയും മന്ത്രാലയവും ഒരു പോലെ അഭിമാനം കൊള്ളുന്നുവെന്നും രാജ്യത്തിന് വേണ്ടി ജീവൻ ത്യജിച്ച ഓരോരുത്തരെയും രാജ്യം അങ്ങേയറ്റം ആദരവോടെയുമാണ് കാണുന്നതെന്നും രാജ്യരക്ഷാ മന്ത്രാലയം വ്യക്തമാക്കി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' രാവിലെ 11 ന്. പരിപാടിയുടെ 135-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലകളിലും മൻ കി ബാത് പ്രക്ഷേപണം ചെയ്യും. ഇതിനുപുറമെ, AIR ന്യൂസ് വെബ്സൈറ്റിലും, ന്യൂസ് ഓൺ AIR മൊബൈൽ ആപ്പിലും, ആകാശവാണി, ദൂരദർശൻ, പ്രധാനമന്ത്രിയുടെ ഓഫീസ്, വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും മൻ കി ബാത് കേൾക്കാം. പ്രധാനമന്ത്രിയുടെ ഹിന്ദി പ്രഭാഷണത്തിന് ശേഷം പ്രാദേശിക നിലയങ്ങൾ മൻ കീ ബാത്തിന്റെ പരിഭാഷയും പ്രക്ഷേപണം ചെയ്യും.

✪✪✪

രാജ്യവ്യാപക പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം ഇന്ന്. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മന്ത്രി K മുരളീധരൻ നിർവ്വഹിക്കും.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്...........

സംസ്ഥാനത്ത് അഞ്ച് വരെ പ്രയക്കാരായ 19 ലക്ഷത്തി 80,224 കുഞ്ഞുങ്ങൾക്ക് പോളിയോ തുള്ളി മരുന്നു നൽകും. ഇതിനായി 22,288 ബൂത്തുകളും 46,663 സന്നദ്ധപ്രവർത്തകരെയും നിയോഗിച്ചിട്ടുണ്ട്. യാത്രാവേളയിൽ വാക്സിൻ നൽകുന്നതിന് പ്രത്യേക ബൂത്തുകളും ക്രമീകരിച്ചിട്ടുണ്ട്. ഇന്ന് ബൂത്തുകളിൽ എത്താനാകാത്ത കുഞ്ഞുങ്ങൾക്ക് നാളെയും, മറ്റന്നാളും വീടുകളിലെത്തി വാക്സിൻ നൽകും.

കണ്ണൂർ ജില്ലാതല ഉദ്ഘാടനം രാവിലെ കണ്ണൂർ ജില്ലാ ആശുപത്രിയിൽ മന്ത്രി സണ്ണി ജോസഫ് നിർവഹിക്കും.

ജില്ലയിലെ ഒരു ലക്ഷത്തി 41 ആയിരത്തി 810 കുട്ടികൾക്കാണ് തുള്ളി മരുന്ന് നൽകുക. ഇതിനായി 1573 ബൂത്തുകൾ സജ്ജീകരിച്ചിട്ടുണ്ട്. 46 ട്രാൻസിറ്റ് ബൂത്തുകളും 60 മൊബൈൽ ബൂത്തുകളും ഇതിൽ ഉൾപ്പെടും

കോഴിക്കോട് ജില്ലയിൽ 1,89,345 കുട്ടികൾക്ക് തുള്ളിമരുന്ന് നൽകും. ജില്ലാതല ഉദ്ഘാടനം രാവിലെ നാദാപുരം കല്ലാച്ചി M.L.P സ്കൂളിൽ KM അഭിജിത്ത് MLA നിർവഹിക്കും. 54 ട്രാൻസിറ്റ് ബൂത്തുകളും, 50 മൊബൈൽ ബൂത്തുകളും സജ്ജീകരിച്ചിട്ടുണ്ട്.

✪✪✪

പത്തനംതിട്ട ജില്ലാതല ഉദ്ഘാടനം രാവിലെ അടൂർ ജനറൽ ആശുപത്രിയിൽ മന്ത്രി പി.സി വിഷ്ണുനാഥ് നിർവഹിക്കും. ജില്ലയിൽ 47,739 കുട്ടികൾക്ക് തുള്ളിമരുന്ന് നൽകും. ഇതിനായി 967 ബൂത്തുകൾ സജ്ജമാക്കിയിട്ടുണ്ട്

✪✪✪

ആരോഗ്യ സംരക്ഷണത്തിൽ കഴിഞ്ഞ 12 വർഷത്തിനിടെ രാജ്യം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് കേന്ദ്രസഹമന്ത്രി അനുപ്രിയ പട്ടേൽ പറഞ്ഞു. എല്ലാ പൗരന്മാർക്കും പ്രാപ്യവും താങ്ങാനാവുന്നതും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സംരക്ഷണം ഉറപ്പാക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി പറഞ്ഞു.

ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ പദ്ധതികളിൽ ഒന്നാണെന്നും, 62 കോടി ജനങ്ങളെ ഉൾക്കൊള്ളുന്ന പദ്ധതി കുടുംബങ്ങൾക്ക് സാമ്പത്തിക പരിരക്ഷയോടെ ചികിത്സ ലഭ്യമാക്കുന്നുണ്ടെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

✪✪✪

കഴിഞ്ഞ ഏഴുമാസമായി ഒഴിഞ്ഞു കിടക്കുന്നതുൾപ്പെടെ സംസ്ഥാനത്ത് അഞ്ച് ജില്ലകളിൽ ജില്ലാ മെഡിക്കൽ ഓഫീസർമാരെ നിയമിച്ച് ഉത്തരവായതായി മന്ത്രി K മുരളീധരൻ അറിയിച്ചു. മലപ്പുറം, ഇടുക്കി, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് DMO-മാരുടെ ഒഴിവുണ്ടായിരുന്നത്. ഇതോടെ എല്ലാ ജില്ലകളിലും മെഡിക്കൽ ഓഫീസർമാരായി.

മലപ്പുറത്ത് ഡോ V.വിനോദും, ഇടുക്കിയിൽ ഡോ. ഐപ്പ് ജോസഫും, കോഴിക്കോട്ട് ഡോ. LT സരിത കുമാരിയും, കണ്ണൂരിൽ ഡോ. R വിവേക് കുമാറും, കാസർകോട് ഡോ. KT രേഖയുമാണ് മെഡിക്കൽ ഓഫീസർമാർ.

✪✪✪

സംസ്ഥാനത്ത് 10 പേർക്ക് കൂടി ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു. മലപ്പുറത്ത് അഞ്ചും കോഴിക്കോട്ട് നാലും, വയനാട്ടിൽ ഒരാൾക്കുമാണ് ഇന്നലെ രോഗം സ്ഥിരീകരിച്ചത്. സംസ്ഥാനത്ത് ഈ മാസം 190 പേർക്ക് രോഗബാധയും 6 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വർഷം ഇതുവരെ 266 പേർക്ക് ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു.

✪✪✪

കോഴിക്കോട്ടെ നിപാ ബാധിതന്റെ സമ്പർക്കപ്പട്ടികയിൽ 21 ദിവസത്തെ നിരീക്ഷണം പൂർത്തിയാക്കിയ ഹൈ റിസ്ക് വിഭാഗത്തിൽപ്പെട്ട 2 പേരെ കൂടി ക്വാറന്റൈനിൽ നിന്നും ഒഴിവാക്കി. നിപ രോഗബാധിതന്റെ സമ്പർക്കപ്പട്ടികയിലെ ആരെയും പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടില്ല. രോഗനിരീക്ഷണത്തിന്റെ ഭാഗമായി നിപ സമാന ലക്ഷണങ്ങൾ ഉള്ളവരുടെയിടയിൽ ജില്ലയിൽ നടത്തിയ പരിശോധനയിൽ 55 പേരുടെ ഫലവും നെഗറ്റീവ് ആണ്.

നിപ രോഗ ബാധിതൻ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെൻറിലേറ്ററിൽ ചികിത്സ തുടരുന്നു.

✪✪✪

രാഷ്ട്രീയ ഭേദമന്യേ എല്ലാവരോടും സ്നേഹവും സൗഹൃദവും കാത്തുസൂക്ഷിക്കുന്ന ഗോവ മുൻ ഗവർണർ PS ശ്രീധരൻ പിള്ള പൊതുപ്രവർത്തകർക്ക് അനുഗ്രഹീത മാതൃകയാണെന്ന് മന്ത്രി രമേശ് ചെന്നിത്തല ചെങ്ങന്നൂരിൽ പറഞ്ഞു. PS ശ്രീധരൻ പിള്ളയുടെ കുടുംബം വെണ്മണി മാർത്തോമാ സ്കൂൾ ലൈബ്രറിക്ക് ഗ്രന്ഥശേഖരം നൽകിയതിന്റെയും അദ്ദേഹത്തിന്റെ രണ്ടു പുസ്തകങ്ങളുടെ പ്രകാശന ചടങ്ങും ഉദ്ഘാടനം ചെയ്യുകയായിരുന്നു രമേശ് ചെന്നിത്തല.

✪✪✪

വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം ഏകജാലക പ്രവേശനത്തിന്റെ മൂന്നാം ഘട്ട അലോട്ട്മെന്റ് പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും. ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ നാളെ മുതൽ ജൂലൈ 2 വരെ സ്കൂളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വിദ്യഭ്യാസ വകുപ്പ് അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ് നൽകി. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരള കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ഫിഫാ ലോക കപ്പ് ഫുട്ബോളിൽ ഗ്രൂപ്പ് L മത്സരത്തിൽ ഇംഗ്ലണ്ട് പനാമയെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് തോൽപ്പിച്ച് ഗ്രൂപ്പ് ചാമ്പ്യന്മാരായി. മറ്റൊരു മത്സരത്തിൽ ക്രോയേഷ്യ, ഘാനയെ ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് തോൽപിച്ചു.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ

.............വോയ്സ്...........

ഗ്രൂപ്പ് K മത്സരങ്ങളിൽ കൊളംബിയ-പോർച്ചുഗൽ, കോംഗോ - ഉസ്ബെക്കിസ്ഥാൻ മത്സരങ്ങൾ പുരോഗമിക്കുകയാണ്.

ഗ്രൂപ്പ് J മത്സരങ്ങളിൽ രാവിലെ ഏഴരയ്ക്ക് അൾജീരിയ- ഓസ്ട്രിയയെയും, ജോർദാൻ - അർജെന്റീനയെയും നേരിടും.

✪✪✪

FIH പുരുഷ ഹോക്കി ടൂർണ്ണമെന്റിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. ലണ്ടനിൽ രാത്രി എട്ടരക്കാണ് മത്സരം.

✪✪✪

ബോസ്നിയയിൽ അന്താരാഷ്ട്ര സാറാജെവോ GM MIX ചെസ്സ് ടൂർണമെന്റിൽ ഇന്ത്യയുടെ മാസ്റ്റർ ഈതൻ വാസ് മൂന്നാം സ്ഥാനം നേടി. ഒപ്പം മത്സരിച്ച പത്തു പേരെ പിന്നിലാക്കിയാണ് 14-കാരനായ ഈതൻ ഈ നേട്ടം സ്വന്തമാക്കിയത്.

✪✪✪

കണ്ണൂരിൽ സമാപിച്ച സംസ്ഥാന ഇന്റർ പോളിടെക്നിക് കലോത്സവത്തിൽ കൊട്ടിയം ശ്രീനാരായണ പോളിടെക്നിക്ക് 334 പോയിന്റോടെ കിരീടം നേടി. 275 പോയിന്റുമായി തൃപ്രയാർ ശ്രീരാമ ഗവർമെന്റ് പോളിടെക്നിക്ക് രണ്ടാം സ്ഥാനവും, 193 പോയിന്റോടെ തിരൂർ സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക്ക് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സമാപന സമ്മേളനം മന്ത്രി സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു.

✪✪✪

ലഹരിക്കെതിരെ നടക്കുന്ന ഓപ്പറേഷൻ തൂഫാൻ പദ്ധതിയിൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയിലെ അംഗങ്ങളും അണിചേരുമെന്ന് സംസ്ഥാന പ്രസിഡൻറ് രാജു അപ്സര പറഞ്ഞു. ഇതിന്റെ പ്രഖ്യാപനം ഉച്ചക്ക് ശേഷം ആലപ്പുഴയിൽ മന്ത്രി രമേശ് ചെന്നിത്തല നിർവഹിക്കും. എല്ലാ ജില്ലകളിലും പോലീസുമായി ചേർന്നായിരിക്കും വ്യാപാരികൾ ബോധവൽക്കരണ പരിപാടികൾ നടത്തുക.

✪✪✪

കോതമംഗലത്ത് വനംവകുപ്പ് കഴിഞ്ഞ ദിവസം റേഡിയോ കോളർ പിടിപ്പിച്ച് വനത്തിലേക്ക് വിട്ട കാട്ടാന ചരിഞ്ഞു. വ്യാഴാഴ്ചയാണ് കാട്ടാനയെ മയക്കുവെടി വെച്ച് ചികിൽസ നൽകിയ ശേഷം കരിമ്പാനി വനമേഖലയിലേക്ക് തിരിച്ചുവിട്ടിരുന്നത്. കാട്ടിലേക്ക് തുറന്നുവിട്ട ശേഷം ആനയുടെ ചലനങ്ങൾ വനംവകുപ്പ് നിരീക്ഷിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഇന്നലെ ഉച്ചയ്ക്ക് ശേഷം റേഡിയോ കോളറിൽ നിന്ന് സിഗ്നലുകൾ ലഭിക്കാത്തതിനെ തുടർന്ന് നടത്തിയ പരിശോധനയിലാണ് വനത്തിനുള്ളിൽ ആനയെ ചരിഞ്ഞ നിലയിൽ കണ്ടെത്തിയത്.

✪✪✪

ക്ഷയരോഗ നിവാരണം ലക്ഷ്യമിട്ട് നടപ്പാക്കുന്ന TB മുക്ത് ഭാരത്-ക്ഷയരോഗ മുക്ത കേരളം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന 2025ലെ ക്ഷയരോഗമുക്ത പഞ്ചായത്ത് പുരസ്കാരങ്ങൾ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മില്ലി മോഹൻ വിതരണം ചെയ്തു. തുടർച്ചയായി രണ്ട് വർഷം ക്ഷയരോഗമുക്ത പദവി നേടിയതിന് നാദാപുരം ഗ്രാമപഞ്ചായത്ത് സിൽവർ പുരസ്കാരവും, മുക്കം നഗരസഭ, അരിക്കുളം, ബാലുശ്ശേരി, കൂരാച്ചുണ്ട്, കുറ്റ്യാടി, തിക്കോടി, തുറയൂർ ഗ്രാമപഞ്ചായത്തുകൾ ബ്രോൺസ് പുരസ്കാരവും നേടി.

✪✪✪

SNDP യോഗം വടകര യൂണിയൻ സെക്രട്ടറിയും വടകര ശ്രീനാരായണ കോളേജ് മാനേജറും SN ട്രസ്റ്റ് എക്സിക്യൂട്ടീവ് അംഗവുമായ PM രവീന്ദ്രൻ അന്തരിച്ചു. 67 വയസ്സായിരുന്നു. KK രമ MLA യും, മുൻ കേന്ദ്രമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രനും അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചിച്ചു.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: മണികണ്ഠൻ*
*News Team: രജിന കെ, ശ്രിജി പൂവത്തിങ്കൽ*
*DEO: സി കെ സുബോധ്*